- ഒരു കിലോഗ്രാമിൽ കൂടുതൽ ചന്ദനത്തടിയോ 100 ഗ്രാമിൽ കൂടുതൽ ചന്ദനത്തൈലമോ ഒരു സ്വകാര്യവ്യക്തിയുടെ കൈവശം വയ്ക്കുന്നതിന് ലൈസൻസ് നിർബന്ധിതമാക്കുക.

- ഗവൺമെന്റ് നിശ്ചയിക്കുന്ന ഉദ്യോഗസ്ഥരിൽനിന്നല്ലാതെ ചന്ദനത്തടിയോ ചന്ദനത്തൈലമോ വാങ്ങുന്നതു നിരോധിക്കുക.

- ഗവൺമെന്റ് അല്ലാതെ മറ്റാരും ചന്ദനത്തൈലം നിർമ്മിക്കുകയോ ശുദ്ധീകരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നതു നിരോധിക്കുക.

മത്സ്യത്തൊഴിലാളി ക്ഷേമനിധി വിഹിതം

*20 [171] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
*,, *മഞ്ഞളാംകുഴി അലി:*
*,, *ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് മത്സ്യകയറ്റുമതിക്കാരുടെ വിഹിതം ലഭിക്കാതായത് എന്നുമുതലാണ്; അതിനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) മത്സ്യകയറ്റുമതിക്കാരുടെ വിഹിതം ലഭിക്കാതായതിനെത്തുടർന്ന് ക്ഷേമനിധിയുടെ പ്രവർത്തനത്തിൽ എന്തെല്ലാം പ്രയാസങ്ങൾ നേരിടുകയുണ്ടായി എന്ന് വിശദമാക്കാമോ;

(സി) മത്സ്യകയറ്റുമതിക്കാരിൽനിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കാൻ സാധ്യമാകുംവിധം നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കയറ്റുമതിക്കാരുടെ വിഹിതം ലഭിക്കാതായത് 1-2-2002 മുതലാണ്. 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിലെ സെക്ഷൻ 4(2) പ്രകാരം മത്സ്യക്കയറ്റുമതിക്കാരും മത്സ്യവ്യാപാരികളും അവരുടെ വാർഷിക വിറ്റുവരവിന്റെ ഒരു ശതമാനം (1%) ക്ഷേമനിധിയിലേക്ക് അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ഇങ്ങനെ അംശദായം ഈടാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാനസർക്കാരിന് അധികാരമില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് 1-2-2002-ൽ വിധി പ്രസ്താവിച്ചു. ഇതുമൂലം മത്സ്യകയറ്റുമതിക്കാരിൽനിന്നും മത്സ്യവ്യാപാരികളിൽനിന്നും ക്ഷേമനിധിയിലേക്ക് ലഭിക്കേണ്ടതായ വിഹിതം ലഭിക്കാതായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യകയറ്റുമതിക്കാരിൽനിന്നും മത്സ്യവ്യാപാരികളിൽനിന്നും വിഹിതം ലഭിക്കാത്തതുമൂലം ക്ഷേമനിധി ബോർഡ് നേരിട്ടു നടപ്പിലാക്കിവരുന്ന 20 ഓളം ക്ഷേമ പദ്ധതികളിൽ ലഭിക്കുന്ന അപേക്ഷകളുടെ ധനസഹായ വിതരണത്തിന് കാലതാമസം നേരിടുകയുണ്ടായി.

(സി) ഉണ്ട്. 2005-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മഴവെള്ള സംഭരണം

*21 [172] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ളം സംഭരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്;

(ബി) ഇതിലേക്ക് എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇതിനായി വിദേശസഹായമുണ്ടെങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) 'മഴകേന്ദ്ര'ത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്ന 'വർഷ', ജലനിധി നടപ്പിലാക്കി വരുന്ന 'മഴവെള്ളക്കൊയ്ത്ത്' എന്നീ പദ്ധതികൾ.

(ബി) 90% കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്ന 'വർഷ' പദ്ധതിക്ക് ഇതുവരെ 613.98 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ഈ സാമ്പത്തികവർഷം കേന്ദ്ര സഹായം ഒന്നും അനുവദിച്ചിട്ടില്ല. മഴവെള്ളക്കൊയ്ത്ത് പദ്ധതിക്ക് കേരള സർക്കാർ വിഹിതം 1.45 കോടി രൂപയും ലോകബാങ്ക് വിഹിതം 1.90 കോടി രൂപയുമാണ്. ഈ വർഷം സംസ്ഥാന സർക്കാർ തുക വകയിരുത്തിയിട്ടില്ല. 90% കേന്ദ്ര സഹായത്തോടെയും 10% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly